# കെട്ടിടങ്ങളുടെ ചിത്രകാരൻ

## ചിത്രംവരയെന്ന ഇഷ്ടമേഖലയിൽ നിന്നു കെട്ടിടങ്ങളുടെ ശില്പിയായി പറന്നു നടക്കുകയാണ് ജൂഡ്സൺ.



ആർകിടെക്ടോ എൻജിനീയറോ അല്ലാത്ത ഒരാൾക്ക് എങ്ങനെ കൃത്യമായ കണക്കുകൾ ആവശ്യമായ കെട്ടിടനിർമാണരംഗത്ത് അറിയപ്പെടുന്ന ഡിസൈനറാവാൻ കഴിയും? പി.ആർ. ജുഡ്സൺ എന്ന കൊച്ചി പുള്ളിക്കൽ സ്വദേശി വ്യത്യസ്തനാവുന്നത് ഇവിടെയാണ്. ഒരു സർവകലാശാലയുടെയും അംഗീകൃത സർട്ടിഫിക്കറ്റുകളില്ലാതെ തന്നെ ലോകത്തിലെ അറിയപ്പെടുന്ന 'ആർകിടെക്ചറൽ വിഷ്വലൈസർ' എന്ന നേട്ടത്തിനുടമയാണു മലയാളിയായ ഇദ്ദേഹം. കെട്ടിടങ്ങളുടെ ത്രീ ഡി വിഷ്വലൈസേഷൻ വർഷങ്ങൾക്കു മുമ്പേ കേരളത്തിലെത്തിച്ചവരിൽ പ്രമുഖനാണു ജുഡ്സൺ.

### ആദ്യ രൂപരേഖ മനസിൽ

ഇന്ത്യയിലും ഗൾഫിലും ഓസ്ട്രേലിയയിലുമൊക്കെയായി പണിത നൂറുകണക്കിനു കെട്ടിടങ്ങൾ ആദ്യം രൂപം കൊണ്ടതു ജുഡ്സന്റെ മനസിലാണെന്നു പറഞ്ഞാൽ തെറ്റില്ല. അത് ഒരുവേള ഏറ്റവും വലിയ ശരിയാണു താനും. ത്രീ ഡി രൂപം തയാറാക്കുന്നതിനു ജുഡ്സന്റെ



ജൂഡ്സൺ അസോസിയേറ്റ്സിന്റെ പുതിയ പ്രോജക്ട്. കോട്ടയത്തു വരാൻ പോകുന്ന വലിയ ഷോപ്പിങ് മാൾ (വലത്)

മുന്നിൽ മുൻകാല മാതൃകകളൊന്നുമില്ല. സ്ഥിരോത്സാഹവും ജീവിക്കണമെന്ന ആഗ്രഹവും മാത്രമായിരുന്നു കൈമുതൽ. കൽപണി തൊട്ടു വീടുപണിയുടെ എല്ലാ ജോലിയും ഏറ്റെടുത്തു ചെയ്തിരുന്നു, ഒരു കാലത്ത്.

ചുള്ളിക്കലിലെ പഴയ സെന്റ് ആൻറണീസ് പള്ളിയുടെ മുഖപ്പ് വരച്ചു കൊണ്ടായിരുന്നു തന്റെ 18-ാം വയസിൽ കെട്ടിട നിർമാണലോകത്തേക്കുള്ള ആദ്യപരീക്ഷണം. പിന്നെ ഗൾഫിൽ വിവിധ ജോലികളുമായി കുറച്ചു കാലം. ചെറുപ്പത്തിലേ വരയായിരുന്നു പ്രധാന ഹോബി. ഗണപതി, യേശു, വേളാങ്കണ്ണി പള്ളി എന്നിവ വീണ്ടും വരയ്ക്കാൻ ഇഷ്ടപ്പെടുന്ന ചിത്രങ്ങളും. ഈജിപ്ഷ്യൻ ആർകിടെക്ട് മേത്തൽ എം. ഉസ്മാനായിരുന്നു വരയ്ക്കാനുള്ള ജൂഡ്സന്റെ കഴിവ്, കെട്ടിടങ്ങളുടെ രൂപരേഖയ്ക്കു ത്രിമാനരൂപം നൽകുക എന്ന ആശയത്തിൽ എത്തിച്ചത്. ഇന്റർനെറ്റും മറ്റും വ്യാപകമായപ്പോൾ മേത്തലിന്റെ ഓഫിസിലെ കടലാസിൽ വരയ്ക്കുന്ന കെട്ടിടങ്ങളുടെ ചിത്രങ്ങളിൽ നിന്നും ഡിജിറ്റൽ പരിണാമത്തിലേക്കു വളരാനും ഒരു ഗുരുവിന്റെയും സഹായമില്ലാതെ, ഒന്നുമില്ലായ്മയിൽ നിന്ന് ഉയരാനും ജൂഡ്സനു കഴിഞ്ഞു.



## ഏതു ശൈലിയിലും

കടലാസിൽ പെൻസിൽ കൊണ്ടായാലും കംപ്യൂട്ടർ സ്ക്രീനിൽ ത്രീഡി സോഫ്റ്റ്‌വെയർ വച്ചായാലും നിമിഷങ്ങൾക്കകം വിരിയുന്ന ഡിസൈൻ വൈവിധ്യം ആരെയും അത്ഭുതപ്പെടുത്തും. ഒരേ പ്ലാനിൽ തന്നെ വ്യത്യസ്ത എലിവേഷൻ രൂപപ്പെടുത്തുന്നതാണ് ജൂഡ്സന്റെ മിടുക്ക്. ഈ മിടുക്ക് ഇവിടുത്തെ പല കെട്ടിടങ്ങൾക്കും ഒരു അന്താരാഷ്ട്ര ടച്ച് നൽകുന്നതു കാണാം. കേരളത്തിലെ പല പ്രമുഖ നിർമാണ ഗ്രൂപ്പുകളുടെയും ഒട്ടുമിക്ക കെട്ടിടങ്ങളുടെ ത്രീഡി രൂപരേഖ ഇദ്ദേഹത്തിന്റേതു തന്നെ. ത്രീഡിയിൽ ഉള്ള അനുഭവസമ്പത്തു നിർമാണരംഗത്തും ജൂഡ്സൺ അവതരിപ്പിച്ചിട്ടുണ്ട്. ഗോഥിക്, റോമൻ, അറബിക്, കണ്ടംപററി തുടങ്ങി ഏതു ശൈലിയിലുള്ള കെട്ടിടങ്ങളുടെയും ത്രിമാനചിത്രം വരച്ച്, അവ കേരളീയ ശൈലിയോടു സമന്വയിപ്പിക്കുന്നതാണ് ജൂഡ്സൻ രീതി.

"വിദേശരാജ്യങ്ങളിലേതു പോലെ ക്ലൈന്റ് ത്രീഡിയും പ്ലാനിനോടൊപ്പം ആവശ്യപ്പെടണം. കേരളത്തിൽ ഇപ്പോഴും ഇതിന്റെ സാധ്യതകൾ ഉപയോഗിച്ചു കാണുന്നില്ല." ജൂഡ്സൺ പറയുന്നു.

"ഒരു കാര്യം അതിസൂക്ഷ്മമായി ശ്രദ്ധിക്കാനുള്ള ജൂഡ്സന്റെ കഴിവ് എന്നെ പലപ്പോഴും അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. അതുതന്നെയാവണം ഒരു ആർകിടെക്ചർ ബിരുദത്തിന്റെയും പിൻബലമില്ലാതെ ആർകിടെക്ചർ രംഗത്തു ശ്രദ്ധേയമായ കാൽവയ്പുകൾ നടത്താൻ ജൂഡ്സണു സഹായമായത്," സുഹൃത്തും ആർകിടെക്ടുമായ ലിജോ ജോസ് സാക്ഷ്യപ്പെടുത്തുന്നു.

ജൂഡ്സൺ അസോസിയേറ്റ്സ് ആർകിടെക്ചറൽ കൺസൾട്ടന്റ്സാണ് സ്വന്തം സ്ഥാപനം. ഡിക്സിയാണു ഭാര്യ, മക്കൾ: താനിയ, നീരജ. ■

സ്റ്റാഫ് പ്രതിനിധി

ഒരു പ്ലാനിൽ വീടിന്റെ രണ്ടു വ്യത്യസ്ത ത്രീഡി ചിത്രങ്ങൾ. മുകളിലത്തെ ചിത്രം അറബിക് ശൈലിയിലും താഴെയുള്ളത് മോഡേൺ ശൈലിയിലും. (വീട്: സി. ടി. ഷംസുസമാൻ, കോഴിക്കോട്)



